## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 നവംബർ 09, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

53 (*511) <u>ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ജലവിഭവ വകുപ്പിന്റെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും പ്രൈസ് സോഫ്റ്റ്‌വെയർ, ഇ-മോണിറ്റ് എന്നിവ വികസിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പാസ്ക് (PASK) സോഫ്റ്റ്‌വെയർ മുഖേന അവലോകനം

നടത്തിവരുന്നുണ്ടെന്നും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുൻപ് എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് ബ്രേക്ക്ഡൗൺ സ്ട്രക്ച്ചർ തയ്യാറാക്കി പ്രവൃത്തികളുടെ പുരോഗതി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. ജലവിതരണ പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ROW പോർട്ടൽ വഴി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജലനഷ്ടം കുറയ്ക്കാൻ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയും പൈപ്പ് ലൈനുകളിലെ അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തുകയും പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ Central Institute of Petrochemicals Engineering & Technology (CIPET)-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ലൈനിംഗ്, റെക്റ്റിഫിക്കേഷൻ തുടങ്ങിയവ നടത്തി ജലചോർച്ച ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് 2500-ഓളം കുടിവെള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും ഗാർഹിക കണക്ഷനുകൾ

വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് ആധുനിക സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നും മഴവെള്ള സംഭരണത്തിന് ശാസ്ത്രീയ രീതികൾ അവലംബിച്ചിട്ടുണ്ടെന്നും ജലജീവൻ പദ്ധതി പൂർത്തിയാകുന്നതോടെ നഗര/ഗ്രാമീണ മേഖലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നും അരുവിക്കര ഡാമിലെ മണ്ണ് നീക്കം ചെയ്ത് കൂടുതൽ വെള്ളം ശേഖരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 'ജൈക്ക' പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജലജീവൻ പദ്ധതിയിലെ ഉപഭോക്തൃവിഹിതം വഹിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

54 (*512) വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാൻ നടപടി

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ പ്രളയത്തിലും വെള്ളപ്പൊക്കത്തിലും 8 ജില്ലകളിലായി കേരള വാട്ടർ അതോറിറ്റിയുടെ 79 ജലവിതരണ പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടെന്നും ഇടുക്കിയിലെ രണ്ട് കുടിവെള്ള പദ്ധതികളൊഴികെ മറ്റെല്ലാം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇടുക്കി ജില്ലയിൽ കേടുപാടുകൾ സംഭവിച്ച 76 ജലനിധി പദ്ധതികളിൽ 62 എണ്ണവും പാലക്കാട് മുണ്ടൻപാറ കുടിവെള്ള പദ്ധതിയും 2021 ഡിസംബർ 31-ഓടുകൂടി പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയബാധിത പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂർ കൺട്രോൾ റൂം തുറക്കുകയും ജില്ലാതല നോഡൽ ഓഫീസർമാർ മുഖേന ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ജലവിതരണം തടസ്സപ്പെട്ട പ്രദേശങ്ങളിൽ

ഉടൻതന്നെ പ്രശ്നം പരിഹരിക്കുകയും ഏത് പ്രതികൂല കാലാവസ്ഥയിലും കുടിവെള്ളം ലഭ്യമാക്കാൻ മേജർ പ്ലാന്റുകളിലും ടാങ്കർ ലോറി പോയിന്റുകളിലും ജലം ശേഖരിച്ച് വയ്ക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിലെ ജലസ്രോതസ്സുകളിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജലനഷ്ടം കണ്ടെത്തുന്നതിന് 'ഫ്ലോ മീറ്റർ' സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജലജീവൻ, അമൃത് പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ എല്ലാ പ്രദേശങ്ങളിലെയും കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നും കൊയിലാണ്ടി കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

55 (*513) <u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ

അണക്കെട്ടിന് പകരം പുതിയ ഡാം പണിയണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. അണക്കെട്ടിന്റെ ബലക്ഷയത്തെക്കുറിച്ചുള്ള ആശങ്കകൾ കണക്കിലെടുത്ത് നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി പുതിയ ഡാം പണിയണമെന്ന കേരളത്തിന്റെ ആവശ്യം ബഹുമാനപ്പെട്ട സുപ്രീം കോടതി അംഗീകരിക്കുകയും തമിഴ്നാടിന്റെ സമ്മതത്തോടുകൂടി പുതിയ ഡാം നിർമ്മിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായി പുതിയ ഡാമിന്റെ പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചു വരുന്നുണ്ടെന്നും സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ടിനാവശ്യമായ സംഭരണശേഷിയും താഴ്ഭാഗത്തെ പുഴയുടെ വാഹകശേഷിയും കണക്കിലെടുത്തുകൊണ്ട് Full Reservoir Level, Maximum Water Level എന്നിവ പുനർരൂപകൽപ്പന ചെയ്യുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങളിൽ തമിഴ്നാടുമായി ധാരണയിലെത്തുന്നതിന് ഡിസംബറിൽ മുഖ്യമന്ത്രിതലത്തിൽ യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ബേബി ഡാം ശക്തിപ്പെടുത്തുന്നതിന്

മരങ്ങൾ മുറിക്കാൻ നൽകിയ അനുമതി മരവിപ്പിച്ചിട്ടുണ്ടെന്നും റൂൾ കർവ് സ്ഥാപിച്ച് ജലനിരപ്പ് താഴ്ത്തിനിർത്താനും 24 മണിക്കൂറും ജലവിതാനം നിരീക്ഷിക്കാനും സംവിധാനമേർപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

56 (*514) <u>ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയുംമൂലം സംഭരണശേഷിയിൽ കുറവ്</u>

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ മണ്ണും ചെളിയും അടിഞ്ഞതുമൂലം സംഭരണശേഷിയിൽ ഏകദേശം 40 ശതമാനം വരെ കുറവുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മംഗലം ഡാമിന്റെ ജലസംഭരണികളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികളും ചുള്ളിയാർ, വാളയാർ, മീങ്കര, അരുവിക്കര എന്നീ ഡാമുകളുടെയും മലമ്പുഴ, കാരാപ്പുഴ, മലങ്കര റിസർവോയറുകളുടെയും ഡീസിൽറ്റേഷൻ നടപടികളും പുരോഗമിച്ചുവരുന്നു. എക്കലുൾപ്പെടെയുള്ളവ അടിഞ്ഞുകൂടിയതുമൂലം ഡാമുകളുടെ സംഭരണശേഷിയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ചക്രവാതച്ചുഴിയും അതിവർഷവുംമൂലം ഡാമുകളിലേയ്ക്കുള്ള

നീരൊഴുക്ക് വർദ്ധിച്ചതിന് ആനുപാതികമായി ജലവിതാനം ക്രമീകരിച്ചതിനാൽ ഇതുമൂലമുള്ള കെടുതികളുണ്ടായിട്ടില്ലെന്നും കായലുകളുടെയും കുളങ്ങളുടെയും ആഴം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

57(*515) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ-വിവാഹ-ഭവന വായ്പാ പദ്ധതികളുൾപ്പടെ വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 60,000/- രൂപ മുതൽ 50 ലക്ഷം രൂപ വരെയുള്ള വിവിധ വരുമാനദായക പദ്ധതികളിന്മേൽ വായ്പ നൽകുകയും ഈ വിഭാഗക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, ലഘുവ്യവസായ യോജന, മൾട്ടിപർപ്പസ് യൂണിറ്റ് ലോൺ, സ്റ്റാർട്ട്അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി തുടങ്ങിയവ നടപ്പാക്കുകയും നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള

പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനും മറ്റും പരമാവധി അഞ്ച് ലക്ഷം രൂപ വരെ വായ്പ നൽകുകയും ചെയ്യുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീ സംരംഭകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് “ മഹിളാ സമൃദ്ധി യോജന” , "വനിതാ ശാക്തീകരണ പദ്ധതി", " ആദിവാസി മഹിളാ സശാക്തീകരൻ യോജന" എന്നീ പദ്ധതികളും വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 'പ്രവാസി പുനരധിവാസ വായ്പാ പദ്ധതി"-യും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 2019-20 സാമ്പത്തിക വർഷം 5 കോടി രൂപയും 2020-21 ൽ 5.75 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന കൂടുതൽ വിദ്യാഭ്യാസ വായ്പകൾ ചുരുങ്ങിയ പലിശയ്ക്ക് ലഭ്യമാക്കാനും പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ ഉപയുക്തമാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.